പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *379

25.06.2014 ന് മറുപടിയ്ക്ക്.

## സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ് കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ . തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ . വി.റ്റി. ബൽറാം :<br>ശ്രീ . ഹൈബി ഈഡൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ് കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വഴി സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിന് 2014 ജനുവരിയിൽ നടന്ന നൈപുണ്യം ഉച്ചകോടിയുടെ ഭാഗമായി ലഭ്യമായ പ്രൊപ്പോസലുകൾ വിലയിരുത്തി നടപ്പിലാക്കുന്നതിലേക്കായി അവസാനഘട്ട നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നല്കുമോ ; | (ബി) ഇന്ത്യയ്ക്ക് അകത്തും പുറത്തും സെക്യൂരിറ്റി മേഖലയിലുള്ള ആവശ്യകത കണക്കിലെടുത്ത്, ഈ മേഖലയിൽ വിദഗ്ധരായ തൊഴിലാളികളെ വാർത്തെടുക്കുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് സഹകരിച്ചത്; | (സി) പൊതു സ്വകാര്യ മേഖലകളിൽ നിന്നും ലഭ്യമായ എട്ട് പ്രൊപ്പോസലുകളിൽ നിന്നും രണ്ട് പ്രൊപ്പോസലുകൾ ചുരുക്കപ്പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതി നടത്തിപ്പിനായി സ്ഥാപനത്തെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | (ഡി) സെക്യൂരിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിന് ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ